# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 137** — **27.02.2017-ൽ മറുപടിക്ക്**

## ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണം

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) പാമ്പാടി നെഹ്റു കോളേജിലെ എഞ്ചിനീയറിങ്ങ് വിദ്യാർത്ഥി ജിഷ്ണു പ്രണോയ് ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (എ) തൃശ്ശൂർ ജില്ലയിലെ പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ് മരണപ്പെട്ടത് സംബന്ധിച്ച് പഴയന്നൂർ പോലീസ് സ്റ്റേഷൻ ക്രൈം നം. 19/17 ആയി രജിസ്റ്റർ ചെയ്ത കേസ് അന്വേഷണത്തിനായി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണ സംഘം ടി കേസ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ഈ കേസിന്റെ പ്രത്യേകത കണക്കിലെടുത്ത് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി അഡ്വക്കേറ്റ് സി.പി. ഉദയഭാനുവിനെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട് |
| (ബി) കേസിൽ ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (ബി) നാളിതുവരെ പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) കേസിൽ ഉൾപ്പെട്ട പ്രതികൾ ആരൊക്കെ എന്നും അവർക്കെതിരെ ചുമത്തിയ വകുപ്പുകൾ ഏതൊക്കെ എന്നും വ്യക്തമാക്കുമോ; | (സി) കേസിൽ ഉൾപ്പെട്ട പ്രതികൾ 1)കൃഷ്ണദാസ്, S/o. പി.കെ. ദാസ്, 2)സഞ്ജിത്ത് കെ.വി. @ കണ്ണൻ, S/o. കെ.പി. വിശ്വനാഥൻ, 3)ശക്തിവേൽ, S/o. കുപ്പുസ്വാമി, 4)പ്രവീൺ സി.പി., S/o. [illegible] 5)ദിപിൻ, S/o. ദിലീപ് കുമാർ എന്നിവരാണ്. ഇവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 120(b), 384, 306, 323, 465, 468, 471, 201 r/w 34 എന്നീ വകുപ്പുകൾ ചുമത്തിയിട്ടുണ്ട്. |
| (ഡി) കേസിന്റെ അന്വേഷണച്ചുമതല ആർക്കാണ്; കേസിന്റെ കുറ്റപത്രം എപ്പോൾ കോടതിയിൽ സമർപ്പിക്കാനാകും എന്ന് വ്യക്തമാക്കുമോ; | (ഡി) ശ്രീമതി. കിരൺ നാരായൺ. ഐ.പി.എസ്. അസിസ്റ്റന്റ് സൂപ്രണ്ട് ഓഫ് പോലീസ്, ഇരിഞ്ഞാലക്കുടയ്ക്കാണ് അന്വേഷണ ചുമതല. അന്വേഷണം പുരോഗമിച്ചു വരുന്നു. അന്വേഷണം പൂർത്തിയായാലുടൻ താമസംവിനാ കുറ്റപത്രം സമർപ്പിക്കുന്നതാണ്. |
| (ഇ) കേസന്വേഷണം സമയബന്ധിതവും കുറ്റക്കാർക്ക് പരമാവധി ശിക്ഷയും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (ഇ) ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിലും ലഭ്യമായ മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലും കേസ്സിൽ ഊർജ്ജിതവും സമയബന്ധിതവുമായ അന്വേഷണം നടന്നുവരുന്നു. അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുംവിധം കുറ്റപത്രം സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ